

# ബൈബിൾ ട്രൂത്ത്

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O. Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോഴും, നിങ്ങൾ സ്ഥലം മാറുമ്പോഴും, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 9** **April 1995** **No. 1**


ലളിതവും നിസാരവുമായ കല്പനകളാണ് ദൈവവും മനുഷ്യരും തമ്മിൽ യോജിച്ചു നിരപ്പാകുന്നതിനു നിർദ്ദേശിച്ചിട്ടുള്ളതു. എന്നാൽ ഭൂരിഭാഗം വരുന്ന ജനങ്ങൾക്കും അതു പ്രയാസകരമായി തോന്നുകയാണ്. ദൈവകല്പനയെ ലംഘിക്കുന്നതു അവർക്കു എളുപ്പവുമായി തോന്നുന്നു. സാത്താൻ വളരെ തന്ത്രശാലിയാണ്. അതുകൊണ്ട് ജനങ്ങളുടെ ആത്മീയ കാഴ്ച്ചശക്തി, ഇച്ഛാശക്തി വഴി തിരിച്ച് വിട്ടിരിക്കയാണ്. സത്യസന്ധതയും ആത്മാർത്ഥതയും ഉള്ളവർക്കേ അതു തിരിച്ചറിയാൻ കഴിയൂ. എല്ലാവരും സത്യം അറിയണമെന്ന് ദൈവം തന്റെ വെളിപ്പാടുകളിൽ പറഞ്ഞിരിക്കുന്നു. സത്യവും അസത്യവും തമ്മിലുള്ള ദൂരം ഇന്ന് വളരെയാണ്. മതഭക്തി എല്ലാവരിലും കണ്ടെന്നുവരാം. പക്ഷെ സത്യം അവരിൽ എല്ലാവരിലും ഇല്ല. ദൈവവിശ്വാസം മിക്കവാറും പേരിൽ ഉണ്ടാകാം. പക്ഷെ സത്യത്തിലുള്ള വിശ്വാസം വിരലിൽ എണ്ണാവുന്നവരിൽ മാത്രം. അനേകം പേരിൽ തടസ്സങ്ങൾ സൃഷ്ടിച്ചിരിക്കയാണ് വഞ്ചകൻ. സത്യത്തിനു മാത്രമെ സ്ഥായിയായ നിലനില്പുള്ളു. തിരുവെഴുത്ത് അല്ലെങ്കിൽ ബൈബിൾ മാത്രമാണ് എന്നേക്കും ഉള്ളതു.

P. K. Varghese

# നാം വിശ്വസ്ഥരാകുവാൻ കർത്താവ് ആഗ്രഹിക്കുന്നു

**J. C. ചോട്ട്**

മനുഷ്യൻ പാപിയാണ് (റോമർ 3:23). നാം രക്ഷിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. ആ സ്ഥിതി സാദ്ധ്യമാക്കിതീർക്കുന്നതിനു കർത്താവ് ദാരുണമായി ക്രൂശിൽ മരിച്ചു. എന്നാൽ മനുഷ്യർ പാപികളാണെന്ന് തിരിച്ചറിഞ്ഞ് അനുസരിക്കുവാൻ യേശുവിന്റെ അടുക്കൽ വന്നാൽ മാത്രമെ അവനു നമ്മെ രക്ഷിക്കാൻ കഴിയുകയുള്ളു. ഇതിൽ യേശുവിൽ നിന്നു പഠിക്കലും ഉൾപ്പെട്ടിരിക്കുന്നു (മത്തായി 11:29), അവനിലുള്ള വിശ്വാസം (യോഹന്നാൻ 14:1), തന്റെ എല്ലാ പാപങ്ങളിൽ നിന്നും പൂർണ്ണമായി തിരിഞ്ഞ് മാനസാന്തരപ്പെടുവാൻ മനസ് കാണിക്കണം (പ്രവൃത്തി 17:32); യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നതായി വായ്കൊണ്ട് ഏററുപറയുകയും വേണം (റോമർ 10:10; മത്തായി 10:32). അതിനു ശേഷം പാപമോചനത്തിനായി വെള്ളമാകുന്ന കല്ലറയിൽ പാപസംബന്ധമായ ശരീരം അടക്കം ചെയ്യണം (കൊലൊസ്യർ 2:12; പ്രവൃത്തി 2:38). തന്റെ കഴിഞ്ഞ കാലപാപങ്ങൾ ക്ഷമിച്ചു കിട്ടുവാൻ വാസ്തവത്തിൽ ആഗ്രഹിക്കുകയാണെങ്കിൽ ഈ കാര്യങ്ങൾ ചെയ്യുവാൻ വളരെ എളുപ്പമുള്ളവയാണ് (മർക്കൊസ്. 16:16). ഒന്നുകിൽ തെററായി പഠിപ്പിക്കപ്പെടുകയോ അല്ലെങ്കിൽ കീഴ്പ്പെടുവാൻ മനസില്ലാതിരിക്കയോ ചെയ്യുന്നവർ അല്ലാതെ ഈ കാര്യങ്ങൾ തെററിദ്ധരിക്കുവാൻ ഇടയില്ല. അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ നാം പരിവർത്തന മാതൃകകൾ എല്ലാം തന്നെ വായിച്ചാൽ ഇതേ സത്യം അനുസരിച്ചാണ് ആളുകൾ രക്ഷിക്കപ്പെട്ടതെന്നും കർത്താവിന്റെ സഭയോടു ചേർക്കപ്പെട്ടതെന്നും കാണാം (പ്രവൃ. 2:38; 47). അവർ

അന്നു ചെയ്തതുപോലെ ഒരാരം ഇന്നു ചെയ്യുന്നുവെങ്കിൽ അയാരംക്കു രക്ഷിക്കപ്പെടാം. അന്ന് രക്ഷിക്കുവാനായി ക്രിസ്തു ഒരു വഴി അന്നു പഠിപ്പിക്കയും ഇന്നു വേറൊരു വഴി പഠിപ്പിക്കയും ചെയ്യുന്നില്ല.

പക്ഷെ ഒരാരം കർത്താവിനെ അനുസരിച്ച് രക്ഷിക്കപ്പെട്ടു കർത്താവിൻെറ സഭയോടു ചേർക്കപ്പെട്ടശേഷമോ? ഒരാരം ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നേക്കും രക്ഷിക്കപ്പെട്ടുമെന്നാണോ ബൈബിരം പഠിപ്പിക്കുന്നത്? ഒരിക്കലുമില്ല; ഒരിക്കൽ ഒരാരം രക്ഷിക്കപ്പെട്ടാൽ അയാരം രക്ഷിക്കപ്പെട്ടവനായി തുടരുവാൻ ദൈവം ആഗ്രഹിക്കുന്നു. വീണ്ടും പാപത്തിലേക്കു പോകുവാനാണ് രക്ഷിക്കപ്പെട്ടതെങ്കിൽ കാര്യം മുൻപിലത്തേതിനേക്കാരം വഷളായി പിന്നീട് അനുഭവപ്പെടും. കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിൻെറ പരിജ്ഞാനത്താൽ ലോകത്തിൻെറ മാലിന്യം വിട്ടോടിയവർ, അതിൽ വീണ്ടും കുടുങ്ങി തോററുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാരം അധികം വഷളായിപ്പോയി. തങ്ങരംക്കു ഏല്പിച്ചു കിട്ടിയ വിശുദ്ധകല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളഞ്ഞതിനേക്കാരം അതു അറിയാതിരിക്കുന്നതു അവർക്കു നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായയെന്നും കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു (2 പത്രൊസ് 2:20-22). പത്രൊസ് ഇവിടെ പറയുന്നതു; രക്ഷിക്കപ്പെട്ട ഒരാരം പാപത്തിലേക്കു പിൻതിരിഞ്ഞുപോയാൽ മുൻപ് നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നതിനേക്കാരം മോശമായ അവസ്ഥയിലേക്കു മാറും എന്നാണ്. ഒരു പക്ഷെ അയാളുടെ കഴിവ് അനുസരിച്ച് പരിശ്രമിച്ച് പരാജയപ്പെടുകയാണെന്നു വരികിൽ വീണ്ടും വീണ്ടും പരിശ്രമിച്ചാലും വിജയിക്കുകയില്ല എന്ന തോന്നൽ ഉണ്ടാകാം. പാപത്തിൻെറ ചതിയിൽ അകപ്പെട്ട് അഹംഭാവമുള്ള ഒരാളായി

മാറിയാൽ പിന്നെ അയാൾ മാനസാന്തരത്തെപ്പററി ചിന്തിക്കുകയേ ഇല്ല. തന്നെയുമല്ല, രക്ഷിക്കപ്പെട്ട ആൾ പിൻതിരിഞ്ഞുപോയാൽ, താൻ വീക്ഷിക്കുന്നവർക്കു മോശമാതൃകയാണ് കാണിച്ചുകൊടുക്കുന്നതു. ബലഹീനർ വിശ്വാസം തള്ളിക്കളയുവാനും സുവിശേഷം അനുസരിക്കാതെ നോക്കിയിരിക്കുന്നവർ ഇതു കാണുമ്പോൾ നിരുത്സാഹപ്പെടുകയും ചെയ്യുന്നു.

എന്നാൽ എന്താണ് നമ്മുടെ കർത്താവ് പരമാർത്ഥത്തിൽ ആഗ്രഹിക്കുന്നത്? നാം രക്ഷിക്കപ്പെടണമെന്നും തുടർന്നും രക്ഷിക്കപ്പെട്ടവരായി ജീവിക്കണമെന്നും കർത്താവ് ഇച്ഛിക്കുന്നു. മരണപര്യന്തം വിശ്വസ്തരായിരുന്നാൽ നാം ജീവകിരീടം പ്രാപിക്കുമെന്നത്രേ കർത്താവ് പഠിപ്പിച്ചതു (വെളിപ്പാട് 2:10). തിരുവെഴുത്തിൽ ഇതിനെ കുറിച്ച് ധാരാളം ചിത്രീകരണങ്ങൾ ഉണ്ട്. മറെറാരർത്ഥത്തിൽ പറഞ്ഞാൽ; ഒരാൾ ഓട്ടപ്പന്തയത്തിൽ ഓടി വിജയിക്കുക തന്നെ വേണം (എബ്രായർ 12:1, 2; 1 കൊരി 4:24). തൻെറ സൈന്യത്തിൽ പങ്കു ചേരുവാൻ നമ്മെ കുറിച്ച് കർത്താവ് ആഗ്രഹിക്കുന്നു. വിശ്വാസത്തിൻെറ നല്ല പോർ പൊരുതി ജയിക്കണമെന്നും ദൈവം ഇച്ഛിക്കുന്നു (എഫെസ്യർ 6:10-17; 1 തിമൊഥെയോസ് 6;12). ദൈവത്തിനു നാം പ്രഥമസ്ഥാനം നൽകണമെന്നു തിരുവചനം പറയുന്നു (മത്തായി 6:33). അവസാനത്തോളം സഹിച്ചു നില്ക്കുന്നവർ രക്ഷിക്കപ്പെടും (മത്താ. 23:13)

ദിനന്തോറും നാം യേശുക്രിസ്തുവിനെ പിൻപററണം (ലൂക്കൊസ് 9:23). ദൈവദാസൻമാരായ നാം അവനെ സേവിക്കുകയും അവൻെറ വീണ്ടും വരവിനായി ഒരുങ്ങുകയും വേണം. രാജ്യത്തിൻെറ സുവിശേഷം സകല ജാതികളേയും അറിയിക്കേണ്ട ജോലി നമ്മിൽ നിക്ഷിപ്തമാണ്. അതു നാം വിശ്വസ്തതയോടെ നിവർത്തിക്കണം (മത്താ. 24:14). അപ്പൊസ്തലനായിരുന്ന യോഹന്നാൻെറ പ്രസ്താവന കേൾക്കുക. "ജീവൻെറ വൃക്ഷത്തിൽ തങ്ങൾക്കു

അധികാരം ഉണ്ടാകേണ്ടതിനും ഗോപുരത്തിൽ കൂടെ നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാൻമാർ (വെളിപ്പാട് 22:14). അതായതു ദൈവത്തിന്റെ കല്പനകളേയും ഉപദേശങ്ങളേയും അനുസരിക്കുന്നവർക്കു ദൈവം നല്കുന്ന പ്രതിഫലം വലുതാണ്. ഭാഗ്യകരമായ ഒരവസ്ഥയിലേക്കു അവർ പ്രവേശിക്കും. അല്ലാത്തവർ തങ്ങളുടെ അവസ്ഥ നിർഭാഗ്യകരമായ അവസ്ഥയിലേക്കു മാററും. അപ്പോൾ ദൈവത്തോടുള്ള വിശ്വസ്ഥത നാം പുലർത്തേണ്ടതു നമ്മുടെ നൻമക്കുവേണ്ടിയാണെന്നു സാരം. വ്യക്തിപരമായ ഉത്തരവാദിത്വത്തിൽ നിന്നു ആർക്കും ഒഴിഞ്ഞു മാറാവുന്നതല്ല.

അവസാനമായി എന്താണ വിശ്വസ്ഥത എന്നാൽ? ക്രിസ്ത്യാനികളായ നാം വിശ്വസ്ഥരായിരിക്കണം; ദൈവത്തിന്റെ ഇഷ്ടം നാം മാനിക്കുന്നവരും അതിനു കീഴ്പ്പെടുന്നവരും ആയിരിക്കണം. ദൈവവ്യവസ്ഥയിൽ ജീവിക്കുന്നവരാണ് നാം എന്ന് കർത്താവ് നമ്മെക്കുറിച്ച് കണക്കിടണം. മനുഷ്യരുടെ മുൻപാകെയും ദൈവത്തിന്റെ മുൻപാകെയും ഇതു കൂടിയേ തീരു. യഥാർത്ഥ ക്രിസ്ത്യാനി എല്ലായ്പ്പോഴും വിശ്വസ്ഥനായിരിക്കും എന്നു നീങ്ങൾക്കു മുൻനിർണ്ണയിക്കാം എന്നു പറഞ്ഞതുപോലെ പരമാർത്ഥ ഹൃദയത്തോടെ ദൈവത്തെ അനുസരിക്കുന്നവർ അതു കാത്തുകൊള്ളും. അവൻ ഭാവിയിൽ ചെയ്യുന്നതും വചനപ്രകാരമായിരിക്കും. ഓരോ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലും അവൻ ദൈവത്തെ ആരാധിക്കും. ധാർമ്മികമായി നല്ല ജീവിതം നയിക്കും; തന്നെപോലെ തന്റെ അയൽക്കാരനെ സ്നേഹിക്കും; എല്ലാ കാര്യത്തിലും നല്ല ഒരു മാതൃകാജീവിതം നയിക്കും. മാത്രമല്ല, കർത്താവിനായി ആത്മാക്കളെ നേടുവാൻ കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്യും. അവൻ അപ്പോഴും മനുഷ്യനാണ്; ജഡത്തിലാണ് വസിക്കുന്നതു; അവനിൽ ബലഹീനതകളുണ്ട്, അതുകൊണ്ട് അവൻ പാപമില്ലാത്തവൻ എന്നു പറഞ്ഞു

കൂടാ. ദൈവമുൻപാകെ അവൻ തെററുകാരനാണെങ്കിലും പാപം ക്ഷമിച്ചു കിട്ടിയവനാകയാൽ ഭാഗ്യവാനത്രെ. അത്തരം സന്ദർഭത്തെ നമ്മിൽ ഉണർത്തിക്കൊണ്ട് കർത്താവിന്റെ വചനത്തിൽ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുന്നതു ഉചിതമായിരിക്കും. ''അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹന്നാൻ 1:7).

അവസാനം കർത്താവ് തനിക്കുള്ളവരെ രക്ഷിക്കും; തന്നോടു സ്നേഹം പുലർത്തിയവരെ, തന്നോടു വിശ്വസ്ഥത പുലർത്തിയവരെ; മരണത്തോളം സഹിച്ചു നില്ക്കുന്നവരെ തന്നെ. ആരംഭിച്ചവർ വിട്ടുപോയാൽ അല്ലെങ്കിൽ കർത്താവിനോട് അവിശ്വസ്ഥരായി കാണപ്പെടുന്നവർ, ദൈവത്തിന്റെ ഇഷ്ടത്തെ സ്വീകരിക്കാത്തവർ, സ്വന്ത അഭിപ്രായത്തിനനുസരിച്ച് ജീവിക്കുന്നവർ എന്നിവരെ എന്നേക്കുമുള്ള നിത്യാഗ്നിയിൽ തള്ളിക്കളയും. അവിടെ പല്ലു കടിയും കരച്ചലും യാതനയുമായിരിക്കും അനുഭവപ്പെടുക. അതിൽ നിന്നും അവർക്കു പിന്നീട് മോചനമില്ല (മത്തായി 13:41). കർത്താവിനോട് അന്നു വാദിക്കുന്നവരുമുണ്ടാകും. പക്ഷെ അവൻ പറയും, ''എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും. (മത്തായി 7:21-23).

നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണോ ? നിങ്ങൾ വിശ്വസ്തനായ, വിശ്വസ്തയായ ഒരു ക്രിസ്ത്യാനിയാണോ ? യേശുവിനു നിങ്ങളെ ആവശ്യമുണ്ട്. നിങ്ങളുടെ ജീവിതകാലയളവു മുഴുവൻ കർത്താവിനു ആവശ്യമുണ്ട്. ഒരു വർഷമോ അഥവാ ഏതാനും വർഷങ്ങളോ അല്ല. ഭാഗികമായിട്ടല്ല; പൂർണ്ണമായും കർത്താവിനു നിങ്ങളെക്കൊണ്ട് ഉദ്ദേശമുണ്ട്; ഉപയോഗമുണ്ട്. നിങ്ങൾ അതിനു തയ്യാറാണെങ്കിൽ അതു പ്രാവർത്തികമാകും. അതാണ് വിശ്വസ്ഥത എന്നതുകൊണ്ട് വിവക്ഷിക്കുന്നതു. ദൈവം നമ്മോടു വിശ്വസ്ഥനായിരിക്കുന്നു. അവൻെറ വിശ്വസ്ഥതക്കു ഒരു നാളും നീക്കം വരുന്നില്ല. നമ്മുടെ വിശ്വസ്ഥതക്കു ദൈവമുൻപാകെ അംഗീകാരമുണ്ട്; പ്രതിഫലവുമുണ്ട്. ആ പ്രതിഫലം ആണ് കർത്താവിനോടു കൂടിയുള്ള നിത്യജീവൻ. അതു നിങ്ങൾ തള്ളിക്കളയാതെ ഭാഗ്യകരമായ പ്രത്യാശ ഉറപ്പു വരുത്തുവാൻ നമ്മുടെ ദൈവം നിങ്ങൾക്കു അവസരം തന്നിരിക്കുന്നു.

★

സ്ത്രീകൾക്കുമാത്രം

# സ്ത്രീയുടെ വില

ബെററി B. C.

**സഭെക്കു :**

ആദിമ സഭയിലെ സ്ത്രീകളുടെ ആത്മീയപ്രവർത്തികളെ പ്രതിപാദിക്കുന്ന നിരവധി വേദഭാഗങ്ങൾ വേദപുസ്തകത്തിൽ പല ഭാഗത്തുമുണ്ട്. അവയിൽ ഒന്നായിരുന്നു സഭ കൂടി വരുന്നതിനു തങ്ങളുടെ വീട് അനുവദിച്ചുകൊടുക്കുക എന്നതു. ഫിലെമോൻ ഒന്നും രണ്ടും വാക്യ

ങ്ങൾ നമുക്കു വായിക്കാം. ''ക്രിസ്തു യേശുവിന്റെ ബദ്ധനായ പൌലോസും, സഹോദരനായ തിമൊഥെയോസും ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ എന്ന നിനക്കും സഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭടനായ അർക്കിപ്പോസിനും നിന്റെ വീട്ടിലെ സഭക്കും എഴുതുന്നതു''. വീട്ടിൽ സഭ കൂടുന്നതു ഒരു കുറച്ചിലായി ആർക്കെങ്കിലും തോന്നുന്നുണ്ടോ? ദൈവീക കാര്യങ്ങൾക്കുവേണ്ടി നമുക്കുള്ള സൗകര്യം നാം ഉപയോഗപ്പെടുത്തുന്നതിൽ യാതൊരു പോരായ്മയുമില്ല. അതു ദൈവസന്നിധിയിൽ മഹത്വകരവുമാണ്.

''ലവൊദിക്യയിലെ സഹോദരന്മാർക്കും നുംഫെക്കും അവളുടെ വീട്ടിലെ സഭെക്കും വന്ദനം ചൊല്ലുവിൻ എന്നു പൌലൊസ് കൊലൊസ്യർക്കു ലേഖനം എഴുതുമ്പോൾ അറിയിക്കുന്നു'' (കൊലൊസ്യർ 4:15). ജാതികളുടെ സകല സഭകളെയും വന്ദനം അറിയിക്കുമ്പോൾ അവരുടെ വീട്ടിലെ സഭയെയും വന്ദനം ചൊല്ലുവാൻ പൌലോസ് പറയുന്നു (റോമർ 16:5).

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ സഭ പുതിയതായി ആരംഭം കുറിക്കുന്നുണ്ട്. അപ്പൊസ്തലപ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതുപോലെ അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് പകരുകയും പെന്തെക്കൊസ്തുനാളിൽ ക്രിസ്തുവിന്റെ സഭ സ്ഥാപിതമായി തീർന്നെങ്കിലും ലോകാവസാനത്തോളം തന്റെ സഭ നിലനില്ക്കയും തുടരുകയും വേണമെന്ന് നമ്മുടെ കർത്താവ് വാഗ്ദാനം ചെയ്തിരുന്നു (ദാനിയേൽ 2:44; മത്താ. 16:18). ഇതിന്റെ അർത്ഥം ലോകത്തിന്റെ ഏതു ഭാഗത്തായാലും ഏതു തലമുറയിൽ പെട്ടവരായാലും ആളുകൾ സത്യം കേട്ട് മനസിലാക്കി അനുസരിച്ച് കഴിയുമ്പോൾ ഇടവകകൾ പുതുതായി രൂപം കൊള്ളുന്നു. ഒരു

(ശേഷം 23-ാം പേജിൽ)

# കോരഹിന്റെ എതിർ പറയൽ

## നീൽ പോളാർഡ്

വിശ്വാസത്തിനു വേണ്ടി പോരാടണമെന്ന് യൂദായുടെ പുസ്തകം 3-ാം വാക്യത്തിൽ ദൈവജനത്തോടുള്ള പ്രബോധനം ചിലർ താഴ്ത്തിക്കാണിക്കാറുണ്ട്. വ്യക്തമായ രീതിയിൽ അവയെ തെളിയിക്കുന്നുണ്ട് ആ ലേഖനത്തിൽ. എങ്ങനെയുള്ള ആളുകളാണ് അങ്ങനെ ദൈവകൃപയെ എതിർക്കുന്നതെന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. അഭക്തരും നിഷേധികളും ദുഷ്കാമപ്രവർത്തിക്കാരുമാണ് അവർ. അവിശ്വാസത്താൽ കനാൻ ത്യജിച്ച യഹൂദൻമാരോടു അവരെ താരതമ്മ്യം ചെയ്യുന്നുണ്ട്. പാപം ചെയ്ത ദൂതൻമാരോടും അവരെ തുലനം ചെയ്യുന്നുണ്ട്. സോദോമിലേയും ഗൊമോറയിലേയും അധാർമ്മികരായിരുന്ന ജനങ്ങളോടു സാമ്യപ്പെടുത്താവുന്നവരാണ് ഇവർ. അന്യജഡം മോഹിച്ച് നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി അനുഭവിക്കേണ്ടിവരുമെന്ന ദൃഷ്ടാന്തം അവർക്കു കാണിച്ച് കൊടുക്കയാണ്. ജഡത്തെ മലിനമാക്കി സ്വപ്നാവസ്ഥയിലായി കർത്തൃത്വത്തെ ദൂഷിക്കയും മഹിമകളെ തുഛീകരിക്കയും ചെയ്യുന്നവരാണ് ഈ സ്വഭാവക്കാർ. ബുദ്ധിയില്ലാത്ത മൃഗങ്ങൾ തങ്ങളെത്തന്നെ വഷളാക്കി മാററിയ ഒരു കൂട്ടം ആളുകളെ നമുക്കു പഴയ കാലഘട്ടത്തിൽ കാണാവുന്നതാണ്. അവർക്കു അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കയും കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏല്പിക്കയും കോരഹിന്റെ മൽസരത്തിൽ നശിച്ചുപോകയും ചെയ്യുന്നു (യൂദാ 11).

**മത്സരിയായ കോരഹ്**

ലേവിയുടെ മകനായ കെഹാത്തിന്റെ മകനായ യിസ്ഹാരിന്റെ മകൻ കോരഹ്, രൂബേൻ ഗോത്രത്തിൽ എലീയാബിന്റെ പുത്രൻമാരായ ദാഥാൻ, അബീരാം

പേലെത്തിൻെറ മകനായ ഓൻ എന്നിവർ യിസ്രായേൽ മക്കളിൽ സഭാപ്രധാനികളും സംഘസദസ്യൻമാരും പ്രമാണികളുമായ ഇരുനൂററമ്പതു പുരുഷൻമാരെ കൂട്ടി മോശെയോടു മത്സരിച്ചു. അവൻ മോശെക്കും അഹരോനും വിരോധമായി കൂട്ടം കൂടി അവരോടു മതി; മതി; സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധരാകുന്നു; യഹോവ അവരുടെ മദ്ധ്യേ ഉണ്ട്; പിന്നെ നിങ്ങൾ യഹോവയുടെ സഭെക്കു മീതെ നിങ്ങളെത്തന്നെ ഉയർത്തുന്നതു എന്ത്? എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ മോശെ കവിണ്ണുവീണു. അവൻ കോരഹിനോടും അവൻെറ എല്ലാ കൂട്ടരോടും പറഞ്ഞതു: നാളെ രാവിലെ യഹോവ തനിക്കുള്ളവർ ആരെന്നും തന്നോടടുപ്പാൻ തക്കവണ്ണം വിശുദ്ധൻ ആരെന്നും കാണിക്കും. താൻ തിരഞ്ഞെടുക്കുന്നവനെ തന്നോടു അടുക്കുമാറാക്കും. പ്രകൃതിദത്തമായ ഒരു നായകൻ ആയി തീർന്നതാണ് കോരഹ്. അവന് ഇസ്രായേലിൽ ഒരു വിശ്വാസനിർമ്മാതാവായി തീരാമായിരുന്നു. എങ്ങനെയായാലും അവൻെറ ഹൃദയത്തിനു കുഴപ്പമുണ്ടായിരുന്നു. മോശെയോടു അസൂയാലുവായിരുന്നു അവൻ. തൻെറ ഹൃദയത്തിൽ അവൻ തടസം സൃഷ്ടിച്ചു. അലഞ്ഞുതിരിയുന്ന എബ്രായരെ നയിക്കുവാനായി ദൈവം തിരഞ്ഞെടുത്തവരാണ് മോശെയും അഹരോനും.

മത്സരം കൊണ്ട് യൂദാ അർത്ഥമാക്കിയത് അവൻ എതിർക്കുന്ന സ്വഭാവക്കാരനായിരുന്നു എന്നത്രെ. മോശെയെ നിഷേധിക്കുകയാണ് ചെയ്തതു. മോശെയുടെ നേതൃത്വം അംഗീകരിക്കാനുള്ള മനോഭാവം അവനില്ലാതെ പോയി. താൻ നിരൂപിക്കുന്ന വഴി ദൈവവഴിയേക്കാൾ മേൻമയുള്ളതാണെന്നു കോരഹ് വിചാരിച്ചു. എന്നാൽ വസ്തുതയോ ഏതൊരു മനുഷ്യൻെറ വഴിയാണെങ്കിലും അതു ദൈവവഴിയോടു അടുക്കുവാൻ പോലും പററിയതല്ല. മനുഷ്യവഴികളിൽ നിന്നു എത്രയോ ഉയർന്നതാണ് ദൈവവഴി (യെശയ്യാവ് 55:8-9). കോരഹ് നോക്കിയപ്പോൾ ദൈവം മോശെയുടെ കൈ പിടിച്ച് ചെങ്കടലിലും സീനായ് മലയിലും പാറയിൽ നിന്നു വെള്ളം ഒഴുകിയപ്പോഴും

(ശേഷം 19-ാം പേജിൽ)

കവിത

# വിത്തും പതിരും

E. K. കുഞ്ഞുകുഞ്ഞ് തേപ്പുപാറ

കതിർത്ത കേദാരമതിൻ നടുക്കായ്,
പതിർ മണിക്കുല പൂക്കുലചൂടിയും..

നില്ക്കുന്നമട്ടൊന്നു കണ്ടാൽ കൊതിക്കുമേ,
അഴകുള്ളവിത്തേ നെൽമണിമുത്തേ.
എൻവയലെന്നുമേ നൽവിത്തുനൽകിലും,
ഇപ്പോഴിതെന്തേ പിഴച്ചുപോയിങ്ങനെ.

ചേററിലെ താമരപൂഞ്ചിരി തൂകികൊണ്ടോ-
ണ്ടോതി തുടങ്ങി ആ നെൽവയൽവിത്തിനെ.
പാഴ്കള ഭംഗിയിൽ ചെതറിയെടുത്തപോൽ,
നിന്നിടത്തിൽ നിന്നും നീക്കികളഞ്ഞില്ലേ.

നൽവളം നല്കിലും നല്ലപോലാകിലും.
പിന്നെ നീ എന്തേ പിഴച്ചുപോയിങ്ങനെ
അഞ്ചാറു നെല്ലും പതിരുമായിങ്ങനെ,
കണ്ടംമിനക്കെടുത്തുന്നുവിത്തേ,

ഞങ്ങളാപാഴ്കളനന്നായ് അകററുമെ,
ഞങ്ങളെ ഒന്നങ്ങുവിട്ടിടുരാജനെ,
കേദാരരാജൻ ഉരചെയ്തു ക്ഷിപ്രമായ്,
പോകേണ്ട, പോകേണ്ട സോദരാ നിങ്ങളും.

വിത്തും കളയും അതേതെന്നറിയാതെ,
ചൊല്ലിലും ചെയ്യിലും തല്ലിതകർക്കുമേ,
നേരം വരുമ്പോഴതന്നേരമാകുമേ,
നൽപ്പിടികെട്ടി ഞാൻ തീയിലെറിയുമെ.

★

# ഏക വിശ്വാസം

## മാക്സി. ബി. ബി.

വിശുദ്ധൻമാർക്കായി ഒരിക്കലായി ഭരമേല്പിക്കപ്പെട്ട വിശ്വാസത്തിനായി പോരാടുവാൻ യൂദാ പ്രബോധിപ്പിച്ചിട്ടുണ്ട് (യൂദാ.3). ഓരോ വ്യക്തിയുടേയും വ്യക്തിപരമായ വിശ്വാസത്തെ വിശദീകരിക്കുകയല്ല ഇവിടെ ലേഖകൻ ചെയ്യുന്നതു. യേശു പഠിപ്പിച്ച് ലോകത്തിനു പൊതുവായി നല്കിയ വിശ്വാസ വ്യവസ്ഥയാണ് വിവരിച്ചിരിക്കുന്നതു. ആ വിശ്വാസം പുതിയ നിയമത്തിൽ വഴിയായി വിശദീകരിച്ചിട്ടുണ്ട്. താത്വികമായി ഒരേ ഒരു വിശ്വാസമേയുള്ളു എന്നതിനു മറിച്ചൊരു ചിന്തക്കു സ്ഥാനമില്ലാത്ത വിധം കർത്താവു തന്നെ പറഞ്ഞിട്ടുണ്ട് വഴി ഒന്നു മാത്രമെന്ന്. അപ്പൊസ്തലൻമാരും അതു സ്പഷ്ടമാക്കിയിട്ടുണ്ട്. തിരുവചനം പഠിപ്പിക്കുന്ന ഏക വിശ്വാസമാണ് ഏതൊരു വ്യക്തിയും സ്വീകരിക്കേണ്ടതു. യേശുക്രിസ്തുവാകുന്ന വഴി, യേശുക്രിസ്തുവിലുള്ള വിശ്വാസം അതാണ് സ്വീകാര്യമായിട്ടുള്ളതു (യോഹന്നാൻ 14:6; എഫെസ്യർ 4:4, 5).

ഒന്നിലധികം വിശ്വാസമോ അനേക വിശ്വാസമോ ആകാമെന്ന തെററായ വീക്ഷണം ധാരാളം ആളുകളിൽ കാണപ്പെടുന്നുണ്ട്. അതിനു അടിസ്ഥാനപരമായ നിലനില്പില്ല. പരസ്പരവിരുദ്ധമായ ഉപദേശങ്ങളിൽ എല്ലാം വിശ്വാസമുണ്ട് എന്നു പറയുന്നതിന്റെ അനൗചിത്യം ആരും ഗൗനിക്കാറില്ല എന്നതാണ് പരമാർത്ഥം. ഏതു വിശ്വാസത്തിലാണ് എന്ന് ആളുകൾ തമ്മിലുള്ള സംഭാഷണങ്ങളിൽ പറഞ്ഞുകേൾക്കാറുണ്ട്. ആ ചോദ്യത്തിൽ അവർ ഉന്നയിക്കുന്ന അർത്ഥം ഏതു സഭയിലാണ് എന്നതാണ്. അതു ലോകത്തിൽ എണ്ണികൂടാത്ത വിശ്വാസരീതികളും സഭകളും

ഉടലെടുത്തതുകൊണ്ടാണ് സംഭവിക്കുന്നതു. ഒരു വിശ്വാസത്തെ പോലെയാണ് മറ്റൊരു വിശ്വാസമെന്നും ഒരു സഭയെപ്പോലെയാണ് മറ്റൊരു സഭ എന്നും ധരിച്ചുവച്ചിരിക്കുന്നവരുണ്ട്. എല്ലാം നല്ലതാണെന്നും അവർ കരുതുന്നു. അതു യുക്തിക്കോ തത്വത്തിനോ നിരക്കാത്ത ആശയമാണ്. എല്ലാ നിയമവും ഒന്നുപോലെ നല്ലതാണ് എന്നതു പലപ്പോഴും ശരിയാവാറില്ല. മാനുഷികമായ നിയമങ്ങൾ മാറിമാറിക്കൊണ്ടിരിക്കുന്നതുതന്നെ ഉദാഹരണമായി എടുക്കാം.

കർത്താവു പറഞ്ഞതു: ഞാൻ എന്റെ സഭയെ പണിയും എന്നാണ്. ശരീരം ഒന്നാണ് ഉള്ളതു എന്നും ആ ശരീരം സഭയാണെന്നും അപ്പൊസ്തലനായ പൌലൊസ് വ്യക്തമാക്കിയിട്ടുണ്ട്. യേശു തന്റെ രക്തം കൊടുത്തു സമ്പാദിച്ചതാണ് ആ സഭ എന്നതും അതിന്റെ പ്രത്യേകതയാണ്. സകല വാഴ്ച്ചയും അധികാരവുമുള്ള കർത്താവു തന്നെയാണ് ആ സഭയുടെ തല. മനുഷ്യരെയല്ല സഭയുടെ തലയായി കാണേണ്ടതു കർത്താവിനെയാണ്. സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കണം. ശരീരം തലക്കു കീഴ്പ്പെട്ടിരിക്കണമല്ലൊ. അതുപോലെ തന്നെയാണ് ആത്മീയസഭയും യേശുക്രിസ്തുവിന്റെ ഉപദേശത്തിനു കീഴ്പ്പെടണം. ക്രിസ്തുവിന്റെ ഉപദേശത്തിനു കീഴ്പ്പെടാത്ത സഭ ക്രിസ്തുവിന്റേതു എന്നു പറയുന്നതു എങ്ങനെ ശരിയാകും? ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ വിശ്വാസമില്ലാത്തവർക്കു ക്രിസ്തുവിൽ വിശ്വാസമുണ്ട് എന്നു ധൈര്യപൂർവ്വം എങ്ങനെ പറയാൻ കഴിയും?

ഒരാൾ യേശുക്രിസ്തുവിന്റെ സുവിശേഷം കേൾക്കണം. അതു യഥാർത്ഥമായി മനസിലാക്കി വിശ്വസിക്കണം. പിന്നെ പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടണം.

തന്റെ കഴിഞ്ഞ കാലപാപങ്ങളിൽ നിന്നും പൂർണ്ണമായി തിരിഞ്ഞ് ദൈവത്തിങ്കലേക്കു വരണം. ക്രിസ്തു ദൈവ പുത്രനാണെന്ന് തുറന്നു പ്രഖ്യാപിക്കയും വേണം. അതിനുശേഷം പാപമോചനത്തിനായി അല്ലെങ്കിൽ രക്ഷി ക്കപ്പെടുവാനായി വെള്ളത്തിൽ ആയാറം അടക്കപ്പെടണം. അങ്ങനെ വെള്ളത്തിൽ നിന്നും കയറി വരുമ്പോഠം അയാഠം പുതിയ സൃഷ്ടിയായി മാറുന്നു. രക്ഷിക്കപ്പെടുന്നവരെ കർത്താവ് തന്റെ സഭയോടു ചേർക്കുകയും ചെയ്യും. ഇതാണ് വിശ്വാസവ്യവസ്ഥ, ഏക വഴി, ഏക വിശ്വാസം എന്നെല്ലാം പറയുന്നതു. ദൈവഹിതപ്രകാരം ഉള്ള ഒരു വിശ്വാസമാണ് ഏതൊരാളിൽ നിന്നും ദൈവം പ്രതീക്ഷി ക്കുന്നതു.

നിങ്ങഠം ഏതു വിശ്വാസത്തിലാണ്? പുതിയ നിയമ വിശ്വാസപ്രകാരമാണോ ജീവിക്കുന്നത്? നിങ്ങഠം യേശു ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കുന്ന ആളാ ണോ? ക്രിസ്തുവിന്റെ സഭയിൽ അംഗമായി തീർന്നിട്ടു ണ്ടോ? ഇല്ലെങ്കിൽ നിങ്ങഠം ഇന്നു തന്നെ അതിനു തയ്യാറാ കുക. ദൈവപ്രസാദം ലഭിക്കുവാൻ മറെറാരു മാർഗ്ഗമില്ല. ശിക്ഷയിൽ നിന്ന്, ദൈവകോപത്തിൽ നിന്നു നിങ്ങഠംക്കു മോചനം ആവശ്യമില്ലേ? അതിനു നിങ്ങളുടെ ഉള്ളിൽ തീരുമാനമെടുക്കേണ്ടതു നിങ്ങഠം തന്നെയാണ്. തടസങ്ങഠം എല്ലാം മാററിനിർത്തുക. സമയം നീട്ടിവെക്കരുതു. സമ്മർദ്ദ ങ്ങളെയെല്ലാം അതിജീവിക്കണം. പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങഠം അവനെ അനുസരിക്കും. വാക്കുകളിൽ മാത്രം ഒതുങ്ങുന്നതല്ലല്ലൊ സ്നേഹം. ദൈവത്തിന്റെ കരങ്ങളിലേക്കു നിങ്ങളെ ഏല്പിക്കട്ടെ. ദൈവാനുഗ്രഹം നിങ്ങഠംക്കായി കാത്തി രിക്കുന്നു.

★

# ഇപ്പോൾ നടുക്കം ഉളവാക്കുന്നു

## ഗ്ലെൻ കോളെ

**മോ**ഹിപ്പിക്കുന്ന ഒരു വിഷയമായി മാനസാന്തരത്തെ ആളുകൾ പരിഗ്രണിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതു എന്താകുന്നു എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. (ഗ്രീക്കു വാക്കുകൾ മെററാമെൽമൽ എന്നും മെററാനോയിയോ എന്നും ആണ്). അതിൻെറ അർത്ഥമോ വേറൊരു ദിശയെ അനുഗമിക്കുക; പ്രത്യേകമായി ദൈവത്തെ പ്രസാദിപ്പിക്കുവാനായി ഒരാളുടെ മനസ്സിനെ, ഇഷ്ടത്തെ, പ്രവൃത്തിയെ മാററുക എന്നതാണ്. ദൈവിക പ്രചോദനത്താൽ ഉടലെടുക്കുന്ന മാററം ആണ് വാസ്തവത്തിൽ ഉണ്ടാകേണ്ടതു.

ആളുകളെ അവരുടെ വിവേകബുദ്ധിയിലേക്കു തിരിച്ച് കൊണ്ടുവരുമ്പോൾ അവർക്കു അനുഭവപ്പെടുന്ന ഞെട്ടലിനെ ആണ് ഈ ലേഖനത്തിൽ നാം ചിന്തിക്കുന്നതു. മാനസാന്തരത്തിലേക്കു അവർ പ്രചോദിതരായി മാറുമ്പോൾ അവരുടെ ചേതനയിൽ ഉണ്ടാകുന്ന മനോവികാരം എത്രയോ വലുതാണ്. മാനസാന്തരമുള്ള ഹൃദയം രൂപപ്പെടുത്തുന്നതു വാസ്തവത്തിൽ എന്താണ് എന്നു നാം ഓർമ്മിക്കേണ്ടതു സുപ്രധാനമായ കാര്യമാണ്. "അല്ല, ദൈവത്തിൻെറ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവൻെറ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ, രക്ഷെക്കായി ഉളവാക്കുന്നു; ലോകത്തിൻെറ ദുഃഖമോ മരണത്തെ ഉളവാക്കുന്നു (റോമർ 2:7; 2 കൊരിന്ത്യർ 7:10).

പാപികളുടെ മനസ് ഇപ്പോൾനല്ല ചിന്തകൾ കൊണ്ടു നിറച്ചതായി മാറുന്നു. അതായതു ദൈവത്തിൻെറ സൽപ്രവർത്തികൾ അവരിൽ ഉണ്ടായി ദൈവഹിതപ്രകാരമുള്ള

ഒരു ദുഃഖം അവരുടെ പാപത്തെക്കുറിച്ച് ഉണ്ടായി ജീവിതത്തെ മാററുമ്പോൾ അവരിൽ ഉണ്ടാകുന്ന സംഭവവികാസങ്ങൾ ആർക്കും തള്ളിക്കളയാൻ സാദ്ധ്യമല്ല.

ശൗൽ രാജാവ് ഒരിക്കൽ നിരപരാധിയായ ദാവീദിനെ കൊല്ലുവാൻ ഒരുങ്ങിയിരുന്നു. ദാവീദിനു ശൗലിനെ തൻെറ കയ്യിൽ കിട്ടിയപ്പോൾ ശൗലിൻെറ വസ്ത്രാഗ്രം കീറിയെടുത്തു ശൗലിൻെറ മുൻപിൽ അതു കാണിച്ച് തെളിയിച്ചുകൊടുത്തു; വേണമെങ്കിൽ ദാവീദിനു ശൗലിനെ വക വരുത്താമായിരുന്നു എന്ന്. എന്നാൽ അവൻ അതു ചെയ്തില്ല. ശൗലിനു യാതൊരു ഉപദ്രവും ചെയ്യാതിരിക്കാൻ കാരണം, ശൗൽ ദൈവത്താൽ അഭിഷിക്തനായിരുന്നു. ഇതു മനസ്സിലായപ്പോൾ ശൗലിൻെറ ഉള്ള് ഉരുകി. അവനു ദാവീദിനോടുള്ള പക മാററി അവൻ മാനസാന്തരപ്പെട്ടു തൻെറ അരമനയിലേക്കുപോയി (1 ശമുവേൽ 24).

ക്രൂരമായ സ്വാർത്ഥതയാൽ ഒരു ധനവാൻ ദരിദ്രൻെറ മകളെപോലെ കരുതിയിരിക്കുന്ന ഏകപെൺകുഞ്ഞാടിനെ കവർന്നെടുത്ത കഥ നാഥാൻ ദാവീദിനോടു പറഞ്ഞ സന്ദർഭമുണ്ടായിരുന്നു. അപ്പോൾ ദാവീദിൻെറ കോപം ജ്വലിച്ചു. ദാവീദിൻെറ ചോദ്യത്തിനു പ്രതികരണമായി, ആ, ധനവാൻ ആരെയാണ് സൂചിപ്പിക്കുന്നതു എന്നു വ്യക്തമാക്കുന്നുണ്ട്. ''ആ മനുഷ്യൻ നീ തന്നെ'' എന്നു നാഥാൻ ഓർമ്മിപ്പിച്ചു. ഊരിയാവിൻെറ ഭാര്യയെ കവർന്നെടുത്ത ദാവീദിനു തൻെറ പാപം ബോധ്യമായി അവൻ പറഞ്ഞു: ''ഞാൻ യഹോവക്കെതിരെ പാപം ചെയ്തു'' (2ശമുവേൽ 12). ഞാൻ നിർമ്മലനാകേണ്ടതിനു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമെ; ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിനു എന്നെ കഴുകേണമേ എന്നു ദാവീദ് പിന്നീട് പ്രാർത്ഥിക്കുന്നുണ്ട് (സങ്കീർത്തനം 51:7).

★

(ശേഷം അടുത്ത ലക്കത്തിൽ)

(12-ാം പേജിൻെറ തുടർച്ച)

നടക്കുന്നതായി കണ്ടു. എന്നാൽ തൻെറ നേതൃത്വത്തെയോ പ്രാഗത്ഭ്യത്തെയോ ആരും അംഗീകരിക്കാത്തതായും അവനു തോന്നുന്നു. ഒരു പക്ഷെ അവനു അപകർഷതാ ബോധമായിരിക്കാം.

ആരംഭഘട്ടത്തിൽ സഭയിൽ ഉണ്ടായിരുന്ന ഹൃദയരോഗത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് യൂദാ അവിടെ കോർഹിനെ എടുത്തു കാണിക്കുന്നതു. കോരഹിൻെറ കാലഘട്ടത്തിലേപോലെ യൂദായുടെ സമയത്തും ദൈവവഴിയേക്കാരം തൻെറ വഴിയാണ് നല്ലതെന്നു കരുതിയിരുന്നവർ ഉണ്ടായിരുന്നു. അതുകൊണ്ട് വിശുദ്ധൻമാർക്കു ഒരിക്കലായി ഭരമേല്പിച്ചിരുന്ന വിശ്വാസത്തോടു എതിർക്കുവാൻ തുനിയുന്നു. പുതിയ നിയമത്തിലെ ഉപദേശത്തോടു എതിർക്കുന്ന മനോഭാവമുള്ളവരുടെ താല്പര്യം എന്തായിരിക്കും ? പഴയ പാതയെ വെല്ലുവിളിക്കുന്നവരുടെ ഉള്ളിലിരുപ്പ് എന്തായിരിക്കും ? ദിവ്യശക്തിയും നിത്യബന്ധവും പുലർത്താനുതകുന്ന യേശുക്രിസ്തുവിൻെറ ഉപദേശത്തെ മറുതലിക്കുന്നവർ ആ ഉപദേശങ്ങളുടെ അന്തസത്ത ഉൾക്കൊള്ളാത്തവരാണ്. യേശുക്രിസ്തുവിനെയും അവൻെറ കൽപനകളേയും നിഷേധിക്കുന്നവർ ഹൃദയരോഗികളാണ്. കോരഹിൻെറ രോഗം ഇവരിലും വന്നിരിക്കുന്നു. മത്സരബുദ്ധി ആഭിചാരദോഷം പോലെയാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ വാസ്തവത്തിൽ ഈ രീതിയിലുള്ള സ്വഭാവം വെച്ചു പുലർത്തുകയില്ല.

## കോരഹിൻെറ അനുഗാമികൾ

കോരഹിൻെറ വഴി പിൻതുടർന്നവർ ആരാണ് ? സഭയിലെ 250 പ്രമാണിമാർ ആണ് കോരഹിനെ പിൻപററിയതു (സംഖ്യാപുസ്തകം 16:2). ഈ കൂട്ടത്തെ മുഴുവൻ ചരടു വലിച്ചതു കോരഹാണ് എന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. കാരണം അവനോടൊപ്പം പങ്കാളിത്തം വഹിച്ച

ദാഥാനും അബീരാമും ഓനും ഉണ്ടായിരുന്നു. തന്റെ കൂട്ടരിൽ ദൈവകോപം കൂടുതലായി അനുഭവപ്പെട്ടതു ഇവരിൽ ആയിരുന്നു. മോശെയുടെ മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ട് കോരഹിന്റെ വഴി പിന്തുടർന്നവർ അവനോടൊപ്പം എപ്പോഴും സഞ്ചരിപ്പാൻ ഇടയായി (സംഖ്യാപുസ്തകം 16:9-11; 24-30). അതിനാൽ കോരഹിന്റെ ആളുകളും കുററക്കാരായി തീർന്നു.

യൂദയുടെ പുസ്തകം അനുസരിച്ച് ആരാണ് കോരഹിനെ അനുഗമിച്ചത്? അവർക്കു അറിഞ്ഞുകൂടാത്ത കാര്യങ്ങളെ ദൂഷിക്കുന്നവർ; സകല തിൻമയും കളവായി പറയുന്നവർ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെ വിശ്വസിക്കാതെ സംശയിക്കയും ദൈവത്തിന്റെ മഹത്വത്തെ തിരിച്ചറിയാതെ ദുരുപദേശങ്ങളിൽ ആശ്രയിക്കുന്നവരാണ് കോരഹിന്റെ വഴിയിൽ സഞ്ചരിക്കുന്നവർ എന്നത്രെ യൂദാ സൂചിപ്പിക്കുന്നതു. ഉദ്ദേശശുദ്ധിയില്ലാത്തവരാണ് അവർ. കാര്യകാരണസഹിതം വിവേചിച്ചു കാര്യങ്ങൾ മനസിലാക്കുന്നില്ല. യഥാർത്ഥ വഴി ഏതെന്ന് കാണുവാനുള്ള കാഴ്ച്ചശക്തി അവർക്കു നഷ്ടപ്പെട്ടു. സ്വന്ത വഴിയിൽ അഭയം സ്വീകരിക്കുന്നവരും ഈ സ്വഭാവക്കാരാണ്.

ഇന്നു സഭയിൽ കോരഹിനെ പിന്തുടരുന്നതു ആരാണ്? അപ്പൊസ്തലനായ പൌലൊസ് തിമൊഥെയോസിനു എഴുതുമ്പോൾ രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കു. ''അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കൻമാരെ പെരുക്കയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും (2 തിമൊഥെയോസ് 4:3-4). സ്വയമായി ഉപദേശങ്ങളും കല്പനകളും ഉണ്ടാക്കുന്നവരാണ് കോരഹിന്റെ കൂട്ടർ (മത്തായി 15:9). ദുരുപദേഷ്ടാക്കളുടെ ജോലി നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലെക്കു വാങ്ങിയ നാഥനെ തള്ളിപ്പറയുകയാണ് എന്നു പത്രൊസ്

പ്രസ്താവിച്ചിരിക്കുന്നു (2 പത്രൊസ് 2:1). യേശു ക്രിസ്തുവിന്റെ ദൈവികത്വത്തെ നിഷേധിക്കുന്നവർ കോരഹിന്റെ കൂട്ടരാണ് (1 യോഹ. 2:22). കോരഹിനു അനുഭവിക്കേണ്ടി വന്ന ശിക്ഷാവിധി അവന്റെ കൂട്ടർക്കും ലഭിച്ചു എന്നു ഓർക്കുക.

## അവരുടെ മത്സരത്തിന്റെ അവസാനം

വീണ്ടും സംഖ്യാപുസ്തകം 16-ാം അദ്ധ്യായം വായിച്ചാൽ കോരഹിന്റെ അന്ത്യകഥ മനസ്സിലാകും. ദൈവത്തിനുള്ളവർ ആരെന്നു പരിശോധിക്കുവാൻ കോരഹിനെ മോശെ വെല്ലുവിളിച്ചു. ഇസ്രായേലിലെ സർവ്വസഭയും കോരഹും കൂട്ടരും ധൂപകലശത്തിൽ ധൂപവർഗ്ഗമിട്ട് യഹോവയുടെ സന്നിധിയിൽ വരുവാൻ മോശെ ആവശ്യപ്പെട്ടു. എല്ലാവരും വന്നു. ദൈവത്തിന്റെ തേജസ് ദൈവജനത്തോടുകൂടെയായിരുന്നു. എന്നാൽ കോരഹിനും അവന്റെ ആളുകൾക്കും അതു അനുഭവിപ്പാൻ കഴിഞ്ഞില്ല. യഹോവ മോശെയോടും അഹരോനോടും സർവ്വസഭയോടും അവരിൽ നിന്നു മാറിപ്പോകുവാൻ കല്പിച്ചു. മോശെ ഇതു ജനത്തോടു സംസാരിച്ചുകഴിഞ്ഞ ഉടനെ ദൈവകോപം കോരഹിലും അവന്റെ കൂടെയുണ്ടായിരുന്ന പ്രധാനികളിലും വന്നു. അങ്ങനെ അവർ കോരഹിന്റെയും കൂട്ടരുടേയും വാസസ്ഥലങ്ങളിൽ നിന്നു മാറിപോയി. എന്നാൽ ദാഥാനും അബീരാമും പുറത്തു വന്നു അവരും അവരുടെ ഭാര്യമാരും പുത്രൻമാരും കുഞ്ഞുങ്ങളും താന്താങ്ങളുടെ കൂടാരവാതില്ക്കൽ നിന്നു,

ഈ സകല പ്രവർത്തികളും ചെയ്യേണ്ടതിന്നു യഹോവ എന്നെ അയച്ചു; ഞാൻ സ്വമേധയായി ഒന്നും ചെയ്തിട്ടില്ല എന്നു നിങ്ങൾ ഇതിനാൽ അറിയും; സകല മനുഷ്യരും മരിക്കുന്നതുപോലെ ഇവർ മരിക്കയോ സകല മനുഷ്യർക്കും ഭവിക്കുന്നതുപോലെ ഇവർക്കു ഭവിക്കയോ ചെയ്താൽ യഹോവ എന്നെ അയച്ചിട്ടില്ല. എന്നാൽ യഹോവ

ഒരു അപൂർവ്വകാര്യം പ്രവർത്തിക്കയും ഭൂമി വായ് പിളർന്നു അവരേയും അവർക്കുള്ള സകലത്തേയും വിഴുങ്ങിക്കളകയും അവർ ജീവനോടെ പാതാളത്തിലേക്കു ഇറങ്ങുകയും ചെയ്താൽ അവർ യഹോവയെ നിരസിച്ചു എന്നു നിങ്ങൾ അറിയും. മോശെ ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ അവരുടെ കീഴെ ഭൂമി പിളർന്നു. ഭൂമി വായ് തുറന്നു അവരെയും അവരുടെ കുടുംബങ്ങളേയും കോരഹിനോടു ചേർന്നിട്ടുള്ള എല്ലാവരേയും അവരുടെ സർവ്വ സമ്പത്തിനേയും വിഴുങ്ങിക്കളഞ്ഞു. അപ്രകാരം അഹരോൻ തന്നെ മഹാപുരോഹിതൻ എന്നും കോരഹും കൂട്ടരും കുഴപ്പക്കാരാണെന്നും തെളിയിക്കപ്പെട്ടു.

കോരഹിന്റെ കഥ യൂദാ വിവരിക്കുമ്പോൾ ചിത്രീകരിക്കുന്ന സത്യം, ദുരുപദേഷ്ടാക്കളും അവരുടെ ഉപദേശത്തെ പിൻപററുന്നവരും ഒരുപോലെ നശിച്ചുപോകും എന്നതാണ്. ദൈവജനത്തെ തെററായി നയിക്കുക എന്ന നാശകരമായ ദൗത്യമായിരുന്നു കോരഹിന്റേത്. കോരഹിനെ അനുഗമിച്ച 250 പേരും അവനോടുകൂടെ നശിച്ചുപോയി. കോരഹിന്റെ വഴി സ്വീകരിച്ചതുകൊണ്ട് ഇസ്രായേലിലെ 14700 പേർ മരിക്കാനിടയായി. എത്ര ഹൃദയഭേദകമായ സംഭവമായിരുന്നു അതു എന്ന് ഓർമ്മിക്കുക. ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം മനുഷ്യരുടെ ഉപദേശങ്ങളേയും ആചാരങ്ങളേയും ആശ്രയിച്ച് പോകുന്ന എത്രയോ പേർ ഇന്നുണ്ട് ഓ....അവർക്ക് വരാൻ പോകുന്ന ശിക്ഷ എത്ര വലുതാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നെങ്കിൽ അവർ മാനസാന്തരപ്പെട്ട് ദൈവവഴിയിലേക്കു തിരിച്ചുവരുമായിരുന്നു. നിങ്ങൾ ആരുടെ കൂടെയാണ് ? ദൈവത്തിന്റെ ഉപദേശത്തെ എതിർത്തു തള്ളിക്കളയുന്നവരുടെ കൂടെയാണോ ? എങ്കിൽ അതു ഉപേക്ഷിക്കുക; ദൈവത്തെ അനുസരിക്കുക.

★

(10-ാം പേജിന്റെ തുടർച്ച)

കൂട്ടം ക്രിസ്ത്യാനികൾ എവിടെയുണ്ടെങ്കിലും അവർ ആരാധനക്കും ബൈബിൾ പഠനത്തിനും കൂടിവരുന്നു. ഈ അവസ്ഥ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഒന്നാം നൂററാണ്ടിൽ അന്യമതക്കാർക്കായി ദേവാലയങ്ങളും ക്ഷേത്രങ്ങളും അവരുടെ വിഗ്രഹാരാധനക്കും മററു മതപരമായ ചടങ്ങുകൾക്കും ഉണ്ടായിരുന്നു. ക്രിസ്ത്യാനികളുടെ ആരാധനാസ്ഥലമായി ദൈവത്തെ ആരാധിക്കുവാൻ അന്ന് പൊതുവായ കെട്ടിടങ്ങൾ പണിതിരുന്നില്ല. ചെറിയ കൂട്ടങ്ങളായി വീടുകളിൽ അവർ കൂടിവന്നിരുന്നു സഭയുടെ ഉയർച്ചക്കും വളർച്ചക്കും വേണ്ടി അംഗങ്ങൾ അവർ തങ്ങളേയും തങ്ങൾക്കുള്ളതിനേയും വിട്ടുകൊടുത്തു. ആ ഒരു നല്ല മനസ്ഥിതി സ്ത്രീകളുടെ സഹകരണം കൊണ്ടുകൂടെ ഉണ്ടായി എന്നു പറയാം. അന്നത്തെ സഹോദരിമാർ ആരും തന്നെ അതിനു എതിർ നിന്നതായി കാണുന്നില്ല. അത്യാവശ്യകാര്യങ്ങളിൽ ഒന്നായി അവർ അതിനെ കണ്ടു.

അതു പോലെയുള്ള സാഹചര്യം ഇന്നു നേരിടുകയാണെങ്കിൽ ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും മററു ഇടദിവസങ്ങളിലും പ്രത്യേകമായ കൂടിവരവിനു കെട്ടിടം വൃത്തിയാക്കി സൂക്ഷിക്കേണ്ടതുണ്ട്. കർത്തൃമേശ എടുക്കേണ്ടതിനു സ്ഥലം ഒരുക്കുക; അതിനു ഉപയോഗിക്കുന്ന പാത്രങ്ങൾ ശുചിയാക്കി വെക്കുക, കർത്താവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിക്കേണ്ടതിനു പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും ഒരുക്കിവെക്കുക എന്നീ ഭാരിച്ച ജോലികൾ അവരുടെ ജീവിതത്തിലെ ഒരു ഭാഗമായി അവർ ചെയ്തു വന്നു. നമുക്ക് അത്തരം സന്ദർഭങ്ങൾ കിട്ടുമ്പോൾ നാം ചെയ്യേണ്ടതിനു നമുക്കൊരു മാതൃകയാണ് പ്രദർശിപ്പിച്ചിരിക്കുന്നതു (മത്തായി 26:26-28). ആരാധനക്കും ബൈബിൾ പഠനത്തിനും വരുന്നവർക്കും ഉപയോഗിക്കുവാൻ ബൈബിൾ, പാട്ടുപുസ്തകം എന്നിവ ഒരുക്കിവെക്കേണ്ടതും ആവശ്യമാണ്.

കുടുംബനാഥനും അദ്ദേഹത്തിന്റെ ഭാര്യയും എല്ലാവരും വരുന്നതിനു മുൻപ് തന്നെ ഒരുങ്ങി കഴിയണം. അവരുടെ ആത്മീയ സഹോദരങ്ങളെ സ്വീകരിപ്പാൻ, വന്ദനം പറയുവാൻ തയ്യാറായിരിക്കണം. ഒരു പക്ഷെ കസേരകളും മററുപകരണങ്ങളും ആവശ്യത്തിനു ശേഖരിച്ച് വച്ചിട്ടുണ്ടാവും. എന്നാൽ അധികം പേർ വരുമെങ്കിൽ അവർക്കുകൂടെ ഇരിപ്പിടം ഒരുക്കുവാൻ അവർ സന്നദ്ധരായിരിക്കണം. വരുന്നവരുടെ വ്യത്യസ്ഥമായ ആവശ്യങ്ങൾ നിറവേറുന്നതിലും അവർ തല്പരരായിരിക്കണം. ആരാധന കഴിഞ്ഞ് എല്ലാവരും പോയിക്കഴിഞ്ഞാൽ വീണ്ടും അവിടെയെല്ലാം വൃത്തിയാക്കേണ്ട ചുമതല മറക്കാനാവില്ല. സ്ത്രീകൾക്കാണല്ലൊ സാധാരണ ഇത്തരം ഉത്തരവാദിത്വങ്ങൾ. അതുകൊണ്ട് നാം അതു സന്തോഷത്തോടെ വേണം ചെയ്യുവാൻ. ദൈവിക ശുശ്രൂഷയുടെ ഒരു ഭാഗം തന്നെയാണ് അത്. ആത്മീയ സ്വഭാവമുള്ള സ്ത്രീകളിൽ ഈ ജോലി ചെയ്യുവാൻ വൈമുഖ്യത കാണുകയില്ല. അനാത്മികരിലാണ് മുറുമുറുപ്പും വാദവും ഉണ്ടാകുന്നതു. ശരീരത്തിലെ അവയവങ്ങൾ ഓരോന്നും എങ്ങനെ പ്രവർത്തിക്കുന്നു എന്നതു നാം ഓർക്കുക. സഭയുടെ വളർച്ചക്കു എല്ലാവരും അവനവനാൽ കഴിയുന്നതു ചെയ്യണം. ആ വ്യവസ്ഥ നാം പാലിച്ചിരിക്കണം. ഞാൻ ചെയ്യേണ്ട ജോലി മററൊരാൾ ചെയ്യട്ടെ എന്നു കരുതി മാററി വെക്കരുതു. അതു കൂടുതൽ ഭാരം നിങ്ങളിൽ ഉണ്ടാക്കും എന്ന് ഓർമ്മിക്കുക.

സഭ എണ്ണത്തിൽ പെരുകി വരുമ്പോൾ ആരാധനക്കും സഭായോഗത്തിനും സ്ഥലസൗകര്യം കൂടുതൽ ആവശ്യമായി വരും. അപ്പോൾ വീട്ടിൽ ഒതുങ്ങുവാൻ പ്രയാസം നേരിടും. അപ്പോഴാണ് എല്ലാവരും ചേർന്ന് സ്ഥലം വാങ്ങി കെട്ടിടം പണിതു പൊതുവായി ഉപയോഗിക്കേണ്ടി വരുന്നതു. ചിലപ്പോൾ അതിനു കഴിയാതെ വരുന്നവർ വാടകക്കു കെട്ടിടമെടുത്ത് അതിൽ കൂടിവരും. ഇങ്ങനെയുള്ള അവസരങ്ങളിലും ക്രിസ്തീയ സ്ത്രീകൾക്കു ചെയ്യേണ്ടതായ പ്രവർത്തികൾ ഉണ്ട്. പൊടി പടലങ്ങൾ

പിടിച്ചിരിക്കുന്ന സ്ഥലങ്ങൾ വെടിപ്പാക്കുവാൻ നമുക്കു കഴിയണം. തറ തൂത്തു തുടച്ച് വൃത്തിയാക്കുവാനും നാം സ്വയമേ തയ്യാറാവണം. മുററത്തും പരിസരത്തും പൂച്ചെടികളോ തോട്ടമോ ഉണ്ടെങ്കിൽ അവയുടെ പരിചരണത്തിലും സ്ത്രീകൾക്കു ഏർപ്പെടാവുന്നതാണ്. കർത്തൃമേശക്ക് ഉപയോഗിക്കുന്ന പാത്രങ്ങൾ കഴുകുന്നതും തുടച്ചുവൃത്തിയാക്കി വെക്കുന്നതും ഓരോരുത്തർക്കു മാറിമാറി ചെയ്യാവുന്നതേ ഉള്ളു. കടമകൾ നിർവ്വഹിക്കുന്നതു ഓരോ ക്രിസ്ത്യാനിയുടേയും നേട്ടമായി നാം കരുതണം. ആ പ്രവൃത്തികൾ ചെയ്യുമ്പോൾ ദൈവം നമ്മെ എത്രമാത്രം അനുഗ്രഹിക്കും എന്ന കാര്യം നമ്മിൽ ഓർമ്മയുണ്ടാകണം.

സാധാരണ ആതിഥേയത്വം വഹിക്കുന്ന വീട്ടിലുള്ളവരെ സഹായിക്കുവാൻ മററുള്ളവർ സന്നദ്ധരാകണം. അവരെ കൂടുതൽ ഭാരപ്പെടുത്താതെ അവരെ ആവശ്യമുള്ള സന്ദർഭത്തിൽ സഹായിക്കുവാൻ ഒരുങ്ങിവരണം. പരസ്പരം പങ്കിട്ട് ഓരോ ജോലി ചെയ്യുമ്പോൾ ഉണ്ടാകുന്ന ആത്മസംതൃപ്തി ഒന്ന് ഊഹിച്ചുനോക്കുക. ഓരോ വ്യക്തിക്കും വിവിധ മേഖലകളിൽ ചെയ്യാവുന്ന പ്രവൃത്തികൾ ഓരോ ആഴ്ച്ചയിലും ഉണ്ടാകും. ചില സഹോദരിമാർക്കു പ്രോത്സാഹനം വേണ്ടി വരും. ദുഃഖത്തിലോ പ്രയാസത്തിലോ അകപ്പെടുന്നവർ കണ്ടേക്കും. അവരെ ആശ്വസിപ്പിക്കുവാൻ നാം ഒരുമ്പെടണം. വേറെ ആരെങ്കിലും രോഗികളായി കഴിയുന്നുവെങ്കിൽ അവരെ ചെന്ന് കണ്ട് ആശ്വസിപ്പിക്കയും അവർക്കു ശുശ്രൂഷ ചെയ്യുകയും വേണം. അത്യാവശ്യഘട്ടത്തിൽ അവർക്കു സഹായകരമായി തോന്നുന്നതു നാം കണ്ടുകൊണ്ടിരിക്കരുതു. അല്ലെങ്കിൽ അതിൽ നമുക്കു യാതൊരു കാര്യവുമില്ല എന്ന മട്ടിൽ നാം മാറിനില്ക്കരുതു. നമ്മളാൽ കഴിയുന്ന ഏതു സഹായവും നാം ചെയ്യണം. കർത്താവിന്റെ ഭവനത്തിൽ സേവനം നടത്തുവാനുള്ള സൻമനസ്സ് ഉണ്ടാകുവാൻ സമർപ്പിക്കപ്പെട്ടവർ വേണം. ദൈവത്തെ ആരാധിക്കുവാൻ ഇന്നു തങ്ങളുടെ വീട് സഭക്കായി തുറന്നുകൊടുക്കുന്നതു എത്ര മനോഹര

മായ പ്രവർത്തിയാണ്! വിശാല മനസ്സും തുറന്ന ഹൃദയവുമുള്ളവർ കർത്താവിന്റെ സഭയിൽ അംഗങ്ങളായി ഉണ്ടെങ്കിൽ അവിടെ വിജയം ഉണ്ടാകും.

ആരാധനക്കായി നാം തിരഞ്ഞെടുക്കുന്ന സ്ഥലം പുതുതായി വരുന്നവർക്കു പ്രചോദനം നല്കുന്നവയായിരിക്കണം. അവരുടെ കാഴ്ച്ചയിൽ വൃത്തിയില്ലാത്തതോ ആരെയും വെറുപ്പ് ഉളവാക്കുന്നതോ ആയ സ്ഥലം ആകരുതു. കെട്ടിടവും അതിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും മറ്റെല്ലാം തന്നെ അടുക്കും ചിട്ടയുമായി വൃത്തിയോടെ, ശ്രദ്ധയോടെ സൂക്ഷിക്കണം. ഭൗതികമായ വിശുദ്ധി ആത്മികകാര്യങ്ങളിലും ഉണ്ടാകേണ്ട ഒന്നാണ്.

സ്ത്രീകൾ തങ്ങളുടെ കുട്ടികളെ ആരംഭത്തിൽ തന്നെ ആരാധനക്കു കൊണ്ടുപോകയും ആരാധനാസ്ഥലം ആദരിക്കപ്പെടുവാൻ അവരെ ബോധവൽക്കരിക്കയും വേണം. ചുവരിൽ കൈകൾ കൊണ്ട് വരക്കുകയോ കാൽകൊണ്ട് ചവിട്ടുകയോ ചെയ്യുന്നതു തടയണം. മാതാപിതാക്കളാണ് കുട്ടികളെ സൂക്ഷിക്കേണ്ടതു. കടലാസുകൾ ചുരുട്ടിക്കൂട്ടി തറയിൽ അലക്ഷ്യമായി എറിയുകയോ ഇടുകയോ ചെയ്യുന്നതു തടയണം. ബൈബിളിന്റെ പേജോ പാട്ടുപുസ്തകത്തിന്റെ പേജോ കുട്ടികൾ കീറി കളയാതെ നോക്കണം. വിശുദ്ധവേദപുസ്തകവും പാട്ടുപുസ്തകവും ആദരിക്കപ്പെടേണ്ടതാണ് എന്ന് അവരെ പഠിപ്പിക്കണം. ദൈവത്തെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ മാതാപിതാക്കളും കുട്ടികളും ശ്രദ്ധേയമായി കരുതേണ്ട ഒന്നും അവഗണിക്കരുതു.

സ്ത്രീകളായ നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ സഭയുടെ ക്രിയാത്മക പ്രവർത്തനങ്ങളിൽ വ്യാപൃതരാകണം. മററുള്ളവരെ സഭയിലേക്കു ആകർഷിക്കുവാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുവാൻ നാം ഉണരണം, വളരണം, പ്രവർത്തിക്കണം.

★

# ഏഴ് സഭകൾക്കുള്ള ദൂത്

## എം. എസ്. ജോൺ ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഒരാൾ തൊട്ടത് ആനയുടെ കാലിലാണ്. അപ്പോൾ അയാൾ പറയുന്നു ആന തൂണുപോലെ ആകുന്നു. വേറൊരാൾ പിടിച്ചതു ചെവിയേൽ ആണ്. അയാൾ പറയുന്നു ആന മുറം പോലെയാകുന്നു. മററൊരാൾ തുമ്പിക്കൈക്കു തൊട്ടു. അപ്പോൾ ആ മനുഷ്യൻ പറയുന്നത് ആന ഉലക്കപോലെ ആകുന്നു. നാലാമത് ഒരാൾ പിടിച്ചത് വാലിൽ, അയാൾ പറയുന്നു ആന ചൂലുപോലെയാണ്. ആ കുരുടൻമാർ എല്ലാവരും തൊട്ടത് ആനയെ ആണെങ്കിലും അവർ സ്പർശിച്ചത് ആനയുടെ ഓരോ അവയവങ്ങളിലാണ്. അവർ കാഴ്ച ഇല്ലാത്തവരായതിനാൽ ആനയുടെ യഥാർത്ഥരൂപം ഗ്രഹിക്കാൻ കഴിയാതെപോയി. മതപണ്ഡിതൻമാരും പുരോഹിതൻമാരും, സുവിശേഷകരും മററനേക ക്രിസ്തുമാർഗ്ഗപ്രചാരകൻമാരും പ്രസ്തുത കുരുടൻമാരെപോലുള്ള അനുഭവക്കാരാണ്. കർത്താവ് പറയുന്നു-"കുരുടൻ, കുരുടനെ വഴി കാട്ടിയാൽ രണ്ടുപേരും കുഴിയിൽ വീഴും." സത്യവചനത്തെ മറച്ചുവെച്ച് ഓരോരുത്തരുടേയും അഭിരുചിക്കും, സാഹചര്യങ്ങൾക്കും, സ്ഥാനമാനങ്ങൾക്കും അനുസരണമായി ദൈവവചനത്തെ വ്യാഖ്യാനിക്കയും, അപ്പോസ്തലൻമാർ പ്രസംഗിക്കാത്ത യേശുവിനെ പ്രസംഗിക്കുകയും ചെയ്യുന്ന അനേകം ദുരുപദേഷ്ടാക്കൻമാർ പെരുകിക്കൊണ്ടിരിക്കുകയാണല്ലോ.

ഒരിക്കൽ ഞാൻ വീട്ടിൽ ഇരിക്കുമ്പോൾ സാമാന്യം ഭേദപ്പെട്ട ഒരു യുവാവ് കയറിവന്നു. അയാളുടെ കൈയ്യിൽ

ഒരു സൂട്ട്കെയ്സും ഉണ്ട്. അയാാം തന്നെ സ്വയം പരിചയ പ്പെടുത്തി "ഞാൻ ഒരു സുവിശേഷകൻ" ആണെന്ന്. അയാളെ സ്വീകരിച്ച് ഇരുത്തി. പേരും, മററു വിവരങ്ങളും എല്ലാം ഞാൻ ചോദിച്ചറിഞ്ഞു. അയാാം എന്നെ ക്രിസ്തുവിനെക്കുറിച്ചും, സുവിശേഷത്തെക്കുറിച്ചും പഠിപ്പിക്കാൻ ഒരുങ്ങി. ഞാൻ ഒരു സുവിശേഷകൻ ആണെന്ന വിവരം അയാാംക്ക് അറിഞ്ഞുകൂടാ. ഞാൻ അതു പെട്ടെന്ന് വെളിപ്പെടുത്താനും ഒരുങ്ങിയില്ല. ഞാൻ അയാളോടു ചോദിച്ചു കർത്താവ് കല്പിച്ചിരിക്കുന്നത് "നിങ്ങാം ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15). എന്താണ് സുവിശേഷം എന്നു പറയുന്നത്? അയാാം പറഞ്ഞത്, ബൈബിളിലാണ്, ദൈവവചനമാണ്, നല്ല കാര്യങ്ങാം പറയുന്നതാണ്, നല്ല വാർത്തയാണ്. ഇങ്ങനെ പലതും പറഞ്ഞുകൊണ്ടിരുന്നു. സുവിശേഷകനായി വന്ന മനുഷ്യന് സുവിശേഷം എന്താണെന്ന് പറയാൻ കഴിഞ്ഞില്ല.

ഇന്നു നമ്മുടെ സമൂഹത്തിലെ ക്രിസ്തുമാർഗ്ഗപ്രചാരകരായ മനുഷ്യരുടെ ശോചനീയമായ അവസ്ഥ എത്ര ലജ്ജാകരമാണ്. ദൈവവചനത്തെ പരിജ്ഞാനത്തിലൂടെ ഗ്രഹിക്കാതെ അനേകം കള്ള ഉപദേഷ്ടാക്കൻമാരും ദുരുപദേശങ്ങളും, എതിർ ക്രിസ്തുക്കളും പെററുപെരുകി. ജനസമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. ഇന്നു കാണപ്പെടുന്ന ഓരോ ക്രിസ്തീയ സമുദായവിഭാഗങ്ങാം പറയുന്നു—ഞങ്ങളാണ് സത്യ ഉപദേശം പ്രസംഗിക്കുന്നവർ. ദൈവാത്മാവില്ലാത്തവരും, പരിശുദ്ധാത്മാവിനാൽ വചനത്തെ വിവേചിച്ച് ഗ്രഹിക്കാൻ കഴിയാത്ത കള്ളൻമാരുമാണ് അവർ! അധികം ആളുകളും പറയുന്നു' ഞങ്ങളുടെ സമുദായമേലധികാരികാം എല്ലാവരും വലിയ ഡിഗ്രികാം ഉള്ളവരും പഠിപ്പുള്ളവരുമാണ്. "ഈ ലോകത്തിൻെറ ജ്ഞാനമല്ല നശിച്ചുപോകുന്നവരായ ഈ ലോകത്തിൻെറ പ്രഭുക്കൻമാരുടെ ജ്ഞാനവുമല്ല. ദൈവം ലോക

സൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അത് ഈ ലോകത്തിന്റെ പ്രഭുക്കൻമാർ ആരും അറിഞ്ഞില്ല. അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു'' (1 കൊരിന്ത്യർ 2:6-8). ''നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല ദൈവത്തിന്റെ ശക്തി തന്നേ ആധാരമായിരിക്കേണ്ടതിന്ന് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടേയും പ്രദർശനത്താലത്രെ ആയിരുന്നത്'' (1 കൊരി. 2:4, 5). പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട പൌലോസിന്റെ വാക്കുകൾ ഇന്നത്തെ വേദപഠിതാക്കളും, സമുദായ അധികാരികളും സുവിശേഷകരും ഒന്നു ശ്രദ്ധിക്കണമേ! ''ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ ?'' (1 കൊരി. 1:20). ''ഞാൻ ജല്പകന്മാരുടെ ശകുനങ്ങളെ വ്യർത്ഥമാക്കുകയും പ്രശ്നക്കാരെ ഭ്രാന്തൻമാരാക്കുകയും ജ്ഞാനികളെ മടക്കി അവരുടെ ജ്ഞാനത്തെ ഭോഷത്വമാക്കുകയും ചെയ്യുന്നു'' (യെശ. 44:25).

പരിശുദ്ധാത്മാവിനെ പ്രാപിച്ചവർക്കാണ് ദൈവീക പരിജ്ഞാനം ഉണ്ടാകുന്നത്. അതിന് വലിയ ഡിഗ്രികൾ എടുക്കണമെന്നില്ല. ദൈവവചനപ്രകാരം രക്ഷിക്കപ്പെട്ടവർക്കാണ് ദൈവം പരിശുദ്ധാത്മാവിനെ ദാനം ചെയ്യുന്നത്, പരിശുദ്ധാത്മാവ് സർവ്വജ്ഞാനിയാണ് ''നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല'' (1 കൊരി. 2:10, 11). ദൈവത്തിന്റെ സത്യാത്മാവ് ഉള്ളവനേ ദൈവവചനത്തിന്റെ മർമ്മങ്ങളെ ഗ്രഹിക്കാൻ കഴികയുള്ളു. ദൈവം തന്റെ

ആത്മാവിനാൽ ദൈവമക്കൾക്ക് സകലവും ഗ്രഹിപ്പിക്കും. "അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും" (യോഹന്നാൻ 16:8). ലോകജ്ഞാനിക്ക് അഥവാ ലോകത്തിന്റെ ആത്മാവ് ഉള്ളവന് ദൈവവചനത്തിന്റെ മഹത്വവും മർമ്മവും ഗ്രഹിക്കാൻ കഴിയുന്നതല്ല. മനുഷ്യരുടെ ജ്ഞാനം ഉളവാകുന്ന ഉപദേശങ്ങളെ അല്ല നാം അംഗീകരിക്കേണ്ടത്. പരിശുദ്ധാത്മാവിന്റെ ഉപദേശമാണ് നമ്മെ ആത്മീയരാക്കി തീർക്കുന്നത്. ഇന്നു ലോകമെമ്പാടും കാണപ്പെടുന്ന അത്ഭുതങ്ങൾക്കും അതിശയങ്ങൾക്കും നേതൃത്വം കൊടുക്കുന്നവരും പരിശുദ്ധാത്മാവിനാൽ അവയൊക്കെ നടത്തുന്നു എന്ന് അവകാശപ്പെടുന്നവരാരും തന്നെ ദൈവവചനത്തിനോ പരിശുദ്ധാത്മാവിന്റെ ഉപദേശത്തിനോ കീഴ്പ്പെട്ടവരല്ല. അവരുടെ ജീവിതത്തിൽ നിന്നും അത് വെളിപ്പെട്ടുവരുന്നു.

യേശുക്രിസ്തുവിനെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും യഥാർത്ഥമായ ദർശനം നമുക്ക് ഉണ്ടായേ മതിയാകൂ. കർത്താവ് അനന്യനും, അന്ത്യനും, വിശ്വസ്തനും, സത്യവാനും, ജീവനും, സകലത്തിനും കാരണഭൂതനും ആണെന്നുള്ള യഥാർത്ഥ അനുഭവം നമുക്ക് ഉണ്ടാകണം. ആ കാഴ്ചപ്പാടിനുള്ള ലേപം കർത്താവിനോടു നാം വിലക്കു വാങ്ങേണ്ടിയിരിക്കുന്നു. ദൈവഹിതപ്രകാരമല്ലാത്ത നമ്മുടെ ഭൗതികജീവിതത്തെയും കാഴ്ചപ്പാടിനെയും ആണ് വിലയായി കർത്താവിന് കൊടുക്കേണ്ടത്, എങ്കിൽ മാത്രമേ, പരിശുദ്ധാത്മാവിനാലുള്ള പരിജ്ഞാനപൂർത്തി നമുക്കു പ്രാപിക്കാൻ കഴികയുള്ളു. "ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ. അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്" (സദൃ. 3:13, 14).

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar,
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert
Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To